# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ജനുവരി 09 മുതൽ ജനുവരി 13 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.03/2021 | തീയ്യതി: 08/01/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 58.2 | 27.0 – 30.0 | 23.0 – 23.5 | 88– 96 | 01-02 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 09.01.2021 | 10.01.2021 | 11.01.2021 | 12.01.2021 | 13.01.2021 |
|---|---|---|---|---|---|
| മഴ, മി.മീ | 6 | 1 | 2 | 1 | 0 |
| കൂടിയ താപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില, °C | 22 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 14 | 6 | 4 | 8 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 200 | 270 | 320 | 250 | 250 |
| മേഘ വിന്യാസം, ഒക്ടാ | 8 | 7 | 8 | 6 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | ഒറ്റപ്പെട്ടകാറ്റിനുംമഴയ്ക്കുംസാധ്യത<br>വാഴ, പച്ചക്കറികൾ എന്നിവക്ക് ശക്തിയുള്ള താങ്ങുകൾ നൽകുക<br>റബ്ബർ, കൊപ്ര, അടക്ക എന്നിവ തുറന്ന സ്ഥലങ്ങളിൽ ആണ് ഉണക്കുന്നതെങ്കിൽ വൈകുന്നേരങ്ങളിൽ മഴനനയാത്തിടത്തേക്കു മാറ്റി വെക്കുക<br>നിലവിലെ കാലാവസ്ഥ പച്ചക്കറികളിൽവാട്ട (ബാക്ടീരിയ,പൂപ്പൽ) രോഗങ്ങൾപടരുന്നതിന് അനുകൂലമാകും | | |
| നെല്ല് | രണ്ടാം വിളയിൽ ഇടക്കണ പൊട്ടുന്ന സമയം | തണ്ടുതുരപ്പൻ<br> | തണ്ടു തുരപ്പന്റെ മുട്ടകൾ കാണുന്ന ഓലത്തുമ്പുകൾ മുറിച്ചെടുത്തു നശിപ്പിക്കുക. മീൻ ശർക്കര മിശ്രിതം 6 മില്ലി ഒരുലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ 'കോരാജൻ' 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിതളിക്കുക.<br>ഒരു ചതുരശ്ര മീറ്ററിൽ രണ്ടിൽ കൂടുതൽ മുട്ടക്കൂട്ടങ്ങൾ കാണുകയാണെങ്കിൽ മാത്രം നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ മതിയാകും. |

| | | | |
|---|---|---|---|
| പച്ചക്കറികൾ | വിവിധ ഘട്ടങ്ങൾ | ബാക്ടീരിയ, പൂപ്പൽ എന്നിവ മൂലമുള്ള രോഗങ്ങൾ | മുൻ കരുതലായി, 3%കോപ്പർഓക്സിക്ലോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി ഇലകളിലും തണ്ടിലും തടത്തിലും തളിക്കുക. കുമിൾ നാശിനി തളിക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |
| വാഴ | വിവിധ ഘട്ടങ്ങൾ | ഇല കരിയൽ | വാഴ ഇല കരിയൽ രോഗം ബാധിച്ച ഇലകൾ മുറിച്ചെടുത്തു കത്തിച്ചുകളയുക. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ കോപ്പർ ഓക്സി ക്ലോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനിയോ ഇലകളിൽ തളിക്കുക |
| മത്തൻ | കായിക വളർച്ചാ ഘട്ടം | മത്തൻ വണ്ട്  | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.<br><br>മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |
| കശുമാവ് | തളിരിടുന്ന സമയം | തേയില കൊതുക്  | മുൻകരുതലായി ബുവേറിയ ബേസിയാന കുമിൾ 20g/l എന്നതോതിൽ തളിക്കുക.<br><br>അല്ലെങ്കിൽ<br><br>ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ) തളിക്കുക. |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി